"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോടോംഉരുത്ത് ഗ്രാമപഞ്ചായത്ത് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

I/6200421/2024 തീയതി,തിരുവനന്തപുരം, 21-05-2024

---

പരാമർശം:-

1. കോടോംഉരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്
2. 06.03.2024 തീയ്യതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റി (തീരുമാനം 4. 65 )

**<u>ഉത്തരവ്</u>**

കോടോംഉരുത്ത് ഗ്രാമപഞ്ചായത്ത് 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗ കുട്ടികൾക്ക് ആരോഗ്യ പഠന സഹായി എന്ന നിലയിൽ സൈക്കിൾ വിതരണം നടത്തുന്നതിന് 158/11, 129/12 പ്രകാരം രണ്ട് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. അടങ്കൽ യഥാക്രമം 2.20 ലക്ഷം രൂപയും, 3.00 ലക്ഷം രൂപയും ആയിരുന്നു. 158/11-ാം നമ്പർ പ്രോജക്ടിൽ 2,05,125 രൂപയും, 129/12-ാം നമ്പർ പ്രോജക്ടിൽ 2,98,305 രൂപയും ചെലവഴിച്ചു. ആകെ ചെലവ് 5,03,430 രൂപ. 2010/11, 2011/12 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ മാർഗ്ഗരേഖയിൽ നിന്നും മുൻ വർഷം നീക്കം ചെയ്ത പദ്ധതിയാണെന്ന് കാണിച്ച് ചെലവ് തടസ്സപ്പെടുത്തി. സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കും എന്നും 16.12.2013-ൽ ഓഡിറ്റ് റിപ്പോർട്ട് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനത്തോടെ സാധൂകരണത്തിനായി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് ഡയറക്ടർ അപേക്ഷ നിരാകരിക്കുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്ന 5,03,430 രൂപ അന്നത്തെ ഭരണസമിതി അംഗങ്ങളിൽ നിന്നും, നിർവ്വഹണം നടത്തിയതിന് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി, തുറവൂർ, കുത്തിയതോട്, ചേന്നംപള്ളിപ്പുറം, ചിങ്ങോലി ഗ്രാമപഞ്ചായത്തുകൾ ഈ കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം നടത്തുകയും ഇവയ്ക്ക് ഓഡിറ്റ് തടസ്സം ഉണ്ടാകുകയും ചെയ്തിരുന്നുവെങ്കിലും, 15.02.2016-ലെ 621/16/തസ്വഭവ ഉത്തരവ് പ്രകാരം ഓഡിറ്റ് തടസ്സങ്ങൾ നീക്കിയിരുന്നു.

ആയതിനാൽ മേൽ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയതിന് സാധൂകരണം നൽകണമെന്നും, ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും സർക്കാരിനോടാവശ്യപ്പെടാൻ

ഗ്രാമപഞ്ചായത്ത് ഭരണസമിതി 03.10.2023-ലെ യോഗത്തിൽ 7(1) -ാം നമ്പർ പ്രകാരം തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ തീരുമാനം പുനഃപരിശോധിച്ച് മുകളിൽ സൂചിപ്പിച്ച ചെലവിന് സാധൂകരണം നൽകി ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കണമെന്ന് കോടോംതുരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ സൂചന (2) പ്രകാരം പരിശോധിക്കുകയും, 15.02.2016-ലെ 621/16/തസ്വഭവ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി, തുറവൂർ, കുത്തിയതോട്, ചേന്നംപള്ളിപ്പുറം, ചിങ്ങോലി എന്നീ ഗ്രാമപഞ്ചായത്തുകൾ ഇതേ കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയതിന് സാധൂകരണം നൽകിയിട്ടുണ്ട് എന്ന് വിലയിരുത്തുകയും ചെയ്തു. ആയതു കൂടി പരിഗണിച്ച് കോടോംതുരുത്ത് ഗ്രാമപഞ്ചായത്ത് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയതിന് സാധൂകരണം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ്, കോടോംതുരുത്ത് ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
വിവര -പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 23-05-2024 11:04:17
സെക്ഷൻ ഓഫീസർ

പകർപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്